# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 309 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടി കെട്ടിടങ്ങളുടെ പുനർ നിർമ്മാണം** | |
| ചോദ്യം | മറുപടി |
| **ശ്രീ.രാജു എബ്രഹാം** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) 2018-ലെ മഹാപ്രളയത്തെത്തുടർന്ന് ദുർബലമായ അംഗനവാടിക്കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് എന്തെങ്കിലും പ്രത്യേകപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ഉണ്ട്. 2018-ലെ മഹാപ്രളയത്തെ തുടർന്ന് ദുർബലമായ അങ്കണവാടി കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 4235-02-102-86 പ്ലാൻ എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി മാതൃകയിൽ 9 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| ബി) പത്തനംതിട്ട ജില്ലയിലെ അയിരൂർ പഞ്ചായത്തിലെ പ്രളയത്തിൽ അകപ്പെട്ട 70-ാം നമ്പർ അംഗനവാടി കെട്ടിടത്തിന് ബലക്ഷയം ഉണ്ടായതിനെത്തുടർന്ന് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി)&(സി) പത്തനംതിട്ട ജില്ലയിലെ അയിരൂർ പഞ്ചായത്തിലെ 70-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന് പ്രളയത്തിൽ ബലക്ഷയം സംഭവിച്ചിട്ടില്ല. എന്നാൽ ഏകദേശം 40 വർഷത്തോളം പഴക്കമുള്ള ടി അങ്കണവാടി കെട്ടിടം കാലപ്പഴക്കത്തെ തുടർന്ന് ബലക്ഷയം നേരിട്ടതിനാൽ അങ്കണവാടി പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നു. |
| സി) എന്നിട്ടും പ്രളയബാധിത അംഗനവാടികൾക്ക് പുതിയകെട്ടിടം നിർമ്മിക്കുന്ന പദ്ധതിയിൽ ഈ അംഗനവാടി ഉൾപ്പെടുത്താതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ; | |

| | |
|---|---|
| ഡി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) 2020-21 സാമ്പത്തിക വർഷത്തെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി അങ്കണവാടി കെട്ടിടം പുനർ നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതാണ്. |

Suma

സെക്ഷൻ ഓഫീസർ